# രണ്ട് കവിതകൾ


മുഹമ്മദ് ആസിഫ്. സി.കെ.

## ഒന്ന്

പാത അറുബോറനാണ്.
പിന്തിരിപ്പൻ !
പിന്തിരിഞ്ഞ് നടക്കുമ്പോൾ പോലും
കാലുകൾ പുതു പാത തീർക്കാതിരിക്കാൻ
പുറം കമിഴ്ത്തി വെച്ച് തരുന്നു.
ഇതാണ് കാലം സ്ഥലത്തെ ഉഴുതിട്ടിടം
അത് വീണ്ടും വീണ്ടും വരണ്ട പുഴകളെ പ്രസവിക്കുന്നു.
അതിൽ എതിരെ നീന്താനാവാത്ത ഒഴുക്കും
പക്ഷേ, എത്രവട്ടവും നിങ്ങൾക്കതിലേക്കുത്തന്നെ
കാലെടുത്തുവെക്കാം.

## രണ്ട്

ഇടി വെച്ചു ചിന്നിച്ച മിന്നൽപോലെ
പിണർന്നു കിടക്കും  വഴിനാരുകൾ സ്വപ്നം കാണുന്നില്ല,
പുതിയ തിരക്കുളിരിനെ,
കൊയ്ത്തൊഴിഞ്ഞ ആകാശത്തെ,
സത്യത്തിൽ അത് സ്വപ്നമേ കാണുന്നില്ല.
അതിന്റെ 'കോപ്പിറൈറ്റ്' 'എന്നേ 'റിസർവ്ഡ്' ആണല്ലോ.





# അരാചകത്വ കവിത

മുസാഫിർ

മടുപ്പ്,
ബുക്കിനോട്
പേനയോട്,
പെൺകുട്ടിയോട്
ജീവിതത്തോട്,
എന്നോട് തന്നെ
വെറുപ്പ്.
വയ്യ,
നിരാശ
അശാന്തി,
ശൂന്യത

മടുപ്പ്.
എന്തൊരുമടുപ്പാണീ ജീവിതം
വയ്യ,
ഇനിയെന്ത്...?
ആ! എനിക്കറിയില്ല.
ഒന്നുമില്ല.
എന്റെ മുമ്പിൽ ഒന്നുമില്ല.
ഒരു ചോദ്യചിഹ്നം
പോലുമില്ല.
ഒരുവാക്ക് പറയാൻ ആരുമില്ല.,...
കേൾക്കാനും
മുന്നിൽ ഒരു കുത്തുകാണാനേയില്ല.
കോമ പോലുമില്ല...
എങ്ങോട്ട്?...
ഇനിയെങ്ങോട്ട്...
ഒരുപക്ഷേ...
അധികമൊന്നും
പോകാനില്ല...
ഒന്നോ രണ്ടോ
ചവിട്ടടികൾമാത്രം...
കേൾക്കുന്നുണ്ട്, ഞാൻ
എന്നെ വിളിക്കുന്നത്...
പോകാൻ ഭയമില്ല...
എങ്കിലും പേടിയുണ്ട്...
ഇപ്പോൾ മനസ്സ് നിറയെ
പേടിയാണ്.
പേടിമാത്രം...
പേടിമാത്രം...
നിങ്ങൾക്ക് പറയാൻ
ഒരുപാടുണ്ടാവും...
അല്ല...
ഒന്നും പറയാനുണ്ടാവില്ല.
എങ്കിലും
എനിക്കുണ്ട് പറയാൻ
പക്ഷെ പറയാൻകഴിയാത്തത്,
എല്ലാം നിശ്ചലമാകും തീർച്ച
അന്ന് ഒന്നും ചോദിക്കരുത്
ചോദിച്ചാലും
ഒന്നും പറയില്ല...

# അവൾ

സഞ്ജു ജോഷില

അവൾ,
കാറ്റുപോലും കാണാത്ത കാഴ്ചകളെകുറിച്ച്
എന്നോട് കൗതുകം ചോദിച്ചവൾ
മകളായ്, എന്റെ വാത്സല്യം മുഴുവൻ
മറ്റാർക്കും നൽകാതെ നുകർന്നെടുത്തവൾ...

അവൾ...
എന്നിലുണ്ടായിരുന്ന പ്രണയം മുഴുവനും നൽകിയിട്ടും
വീണ്ടും പ്രണയിക്കാൻ യാചിച്ചവൾ
കാമുകിയായ്, എന്റെ കരിലാളനങ്ങൾക്കായ്
എന്നും എന്റെ ചാരെനിന്നവൾ...

അവൾ...
വിശന്നു ഞാൻ നിലവിളിച്ചപ്പോൾ
അമ്മയായ്, എന്നെ ഞാനാക്കിത്തീർക്കാൻ
ജീവിച്ചു തീർക്കുന്നവൾ...

അവൾ...
നെഞ്ചിലഗ്നിയെരിയുമ്പോഴും ഉള്ളിൽ
തനിക്കായ് തുടിക്കുന്ന വികാരങ്ങളെ കുഴിച്ചുമൂടി
ആ ശവക്കല്ലറക്ക് മുകളിൽ മറ്റുള്ളവർക്കായ്
മരിച്ചുജീവിക്കുന്നവൾ...
സ്ത്രീയെന്ന വിളിപ്പേരിൽ എല്ലാവികാരങ്ങളും
ഉൾക്കൊള്ളിച്ച്,
സ്നേഹത്തിനായ് സർവ്വവും
കണ്ണീരിൽ അലിയിച്ച് മധുരമാക്കുന്നവൾ...!






# ഡയറിക്കുറിപ്പുകൾ...

നീലച്ചേലയുടുത്ത
ആതിരരാവുപോലുള്ള
നിന്റെ പുഞ്ചിരിയിൽ
എന്റെ പുല്ലാങ്കുഴൽ പാടിയതെന്താണ്..?
ഒരിളം കാറ്റുപോലെ
ചാറ്റൽ മഴപോലെ
നിന്റെ ചിന്തകൾ
ഞാൻ പ്രതീക്ഷിക്കുന്നു.
വേനൽ മഴയിൽ പുളകിതയായി
ഉൾത്താപം ഉപേക്ഷിക്കുന്ന
മൺതരികൾ പോലെ....
ഒരിളം കാറ്റുപോലെ...
ചാറ്റൽ മഴപോലെ....
എന്റെ വീണയുടെ
ഏകതന്ത്രിയിലുണരുന്നൊരു ഹൃദയരാഗം
ഇതു നിനക്കായ് ഞാൻ അർപ്പിക്കുന്നു.
സ്വീകരിക്കുക.
പലതുമിനിയും പറയാനിരിക്കെ
ശ്യാമനീലിമയുടെ മേഘസ്വപ്നങ്ങൾ
നിശ്ശബ്ദമൊഴുകിക്കടന്നു പോവുന്നു
എന്റെയേകാന്തതയുടെ മുറിവുകളിൽ
കണ്ണുനീർ തുള്ളികൾ
പടർന്നു നീറുന്നു.
ക്ഷണികം; പക്ഷേ....
സ്വപ്നമൂറുന്ന എന്നക്ഷരങ്ങൾ
വിരഹത്തിന്റെ മഞ്ചാടിക്കുരുക്കൾ
ഇതുനിനക്കായ് ഞാനർപ്പിക്കുന്നു...
സ്വീകരിക്കുക.
നിൻ പുഞ്ചിരിയിലെൻ
മുളന്തണ്ടുപാടുന്നു.
സ്വീകരിക്കുക.

മിത്രൻ. വി

## എന്തൊക്കെയോ....

# ചിലത്




വേർപാട്,
ചിലപ്പോഴത് പ്പൊഴിഞ്ഞു
വീഴുന്ന മഹാഗണിയുടെ ഇലപോലെ..
തളിരായ് പുതുതായ്
ഇനിയും നാളെകാത്ത്...
പാതിവഴിയിൽ അവക്ഷിപ്തമുപേക്ഷിച്ച
വീര്യം കാട്ടിയ ആൽക്കലിക്കൊഴുപ്പുപോലെ.
നിറം കൂടിയ രാവിന്റെ പെയ്താ-
പറയാൻ മടിച്ച സ്വപ്നം പോലെ
മാറി മാറിക്കുറിച്ച കലണ്ടർക്കെട്ടിലെ
അക്കങ്ങളിലെ വേവലാതി പോലെ
പക്ഷെ, പലപ്പോഴും
പാതിജന്മത്തിൽ ഉറങ്ങിയ
വെളിച്ചം കാണാക്കുഞ്ഞിനെപ്പോലെ
കണ്ണീർപെയ്ത്തിൽ കുളിച്ചൊടുക്കം
ശൂന്യതയാവുന്ന
പുതിയ തെളിഞ്ഞ ആകാശം പോലെ
പിന്നെ കാത്തിരിപ്പ്
ഒഴുകിത്തണുത്ത പുഴപോലെ
അടർന്നിറ്റിറ്റും പെയ്യുന്ന
മഴയുടെ ശേഷിപ്പു പോലെ
കാഴ്ചയുടെ വെട്ടത്തിൽ
മങ്ങിപോയ കിനാക്കൾ പോലെ
നേരെമേറെയായിട്ടും ഉത്തരം
തരാത്ത അളവു തൂക്കങ്ങൾ പോലെ...
കിതപ്പൊടുണ്ടായാത്രയിൽ
തളരാൻ കൊതിക്കുന്ന മനസ്സുപോലെ..
നിരാശയുടെ കൺവെട്ടങ്ങളിൽ
തെളിയാതെ പോയ ശബ്ദം പോലെ
എന്നെക്കുരുക്കി തളർത്തുന്ന
എന്നെ ഞാനായ് ചുരുക്കുന്നു.
നീണ്ടുനീണ്ടു പോവുന്ന
മൗനത്തിന്റെ കണ്ണീരുപോലെ
തണുത്ത്, നരച്ച് കാണെക്കാണെ
വലുതായെന്നെ മുഴങ്ങുന്നു.
കാത്തിരിപ്പിന്റെ വേവലാതി
പൂണ്ട നിസ്സംഗത...

**സോഫിയ മിന്നത്ത്**

# iraq

Come on. instead of digging oil fields,
Let's dig humans.
In these heat- stricken days,
As Bagdad lay paralysed
let's make some red pools,
Vultures are thirsty.
These days, instead of bread,
people are fed on bullets.
We grew guns in our fields.
Our sisters grew half- Americans.
Their tears flood tigris,
Even under the blazing sun.
Yesterday, When I was stepping-
Out from home.
Mother pleaded, "don't go son.
Its not safe out there."
With a dry smile I asked her,
"Do you think it's Safe here"
Silence Fell.
When black- Hawks fly around,
Shifting fire,
When Ak- 47's spray death in alleys,
When people carry destiny in belts
No Where is Safe ?
In this immense confusion
One thing alone is clear
I am not afraid of bell,
Same about death
Because I am in Iraq



**ZAKARIYYA.A.M**




# കലി...

തിരമാലകൾക്ക്,
തീരം നഷ്ടപ്പെടുന്ന കാലത്ത്
കാറ്റാടി മരങ്ങൾ
കടലെടുക്കും.
കടൽ കാക്കകൾ
രാജസ്ഥാനിലേയ്ക്ക്...
മരം കാണാതെ,
തിരിച്ചുപോകും
ഒഴുകാനിടമില്ലാതെ-
നീരു കുറയ്ക്കും.
പെയ്യാൻ മറന്ന മേഘങ്ങൾ
ആകാശം കറുപ്പിയ്ക്കും
കട്ടുപോയ കാട്ടിനുള്ളിൽ
കോപാന്ധമായ്
കൊല കൊല്ലികളലറും
ചിറകറ്റ പറവകൾ
കംബോളങ്ങളിൽ ചേക്കറും.
തിരമാലകൾക്ക്
തീരം നഷ്ടപ്പെടുന്ന കാലത്ത്
ഉടുത്തൊരുങ്ങിയ പെണ്ണ്
ഉടുക്കാതൊരുങ്ങും.
പെറ്റമ്മയുടെ മടിത്തട്ടിൽ
കാമം കത്തി നിൽക്കും.
ഉറയ്ക്കാത്ത തലകൾ
ഉടലിൽ വീണുതളരും.
'ബോൺസായ്' പ്ലാവുകളിൽ
വരിക്കച്ചക്കകൾ
സ്വീകരണ മുറിയിൽ വീണുചിതറും.
വേരറുത്തതിനാൽ
ചുവടുകളൊലിച്ചു പോകു.
ഒടുവിൽ...
ഹൈഹീൽഡിന്റെ മാളങ്ങളിലൂടെ
നാമോരോരുത്തരും
ആഴങ്ങളിലേയ്ക്ക്...




ജെഫീന.കെ.പി



# കണ്ണുകൾ അടയ്ക്കട്ടെ !

സ്നേഹത്തിൻ അഗാധ നീലിമയിൽ
ഞാൻ കണ്ടത് മാരിവില്ലിൻ
മനോഹാരിതയായിരുന്നില്ല !
കാപട്യത്തിൻ കരിനിഴലുകൾ മാത്രം..
വശീകരിയ്ക്കും മുഗ്ദ സൗന്ദര്യത്തിൽ
പ്രതിഫലിച്ചത് യൗവ്വനത്തിൻ
പൊൻപ്രഭയായിരുന്നില്ല !
വഞ്ചനയുടെ മുൾമുനകൾ മാത്രം...
വിശാല ഹൃദയങ്ങൾക്കുള്ളിലെ
കരിങ്കൽച്ചീളുകൾ കണ്ടെടുക്കാൻ
കണ്ണിണകൾ പോലും
അശക്തമായിരുന്നു!
അന്ധകാരത്തിൻ ഇടുങ്ങും ഗർത്തങ്ങളിൽ
തടവുകാരാക്കപ്പെട്ട വെളിച്ചത്തെ
വെറുക്കും മനസ്സുകൾ!
സപ്ത വർണ്ണങ്ങളിലും വെളിച്ചത്തെ വെറുക്കുന്ന,
സംഗീതത്തിലെ താളപ്പിഴവു തിരയുന്ന,
പനിനീർപ്പൂവിലും മുള്ളിനെ കണ്ടെത്തുന്ന,
പകൽ വെട്ടത്തിലും അന്ധതയിലുഴലുന്ന,
ഈ ദുഷ്ടലോകത്തിനു മുന്നിൽ
ഞാനെന്റെ കണ്ണുകൾ
അടയ്ക്കട്ടെ...!!

**തനൂജ. പി.കെ.**



# കത്തി, കറുപ്പ്, പിണക്കം

എലിയെപ്പേടിച്ച്

പൂച്ച

ഇല്ലത്തു നിന്ന്

ഔട്ട് ഹൗസിലേക്ക്

താമസം മാറ്റിയതിന്

പിറ്റേന്ന്,

കത്തിക്കു മൂർച്ച പോരാഞ്ഞ്

കോഴി

അറവുകാരന്റെ

കണ്ണിൽ കൊത്തിയതിനു

തലേന്ന്,

കറുത്ത രാത്രി

വെളുത്ത പകലിനോട്

വെറുതെ പിണങ്ങി.

**മുജീബ് വഴിക്കടവ്**

Where had I lost rhythm of my heart I missed a beat right
from the start. If memory is sharp, It started with a spark. The
spark that blazed in the unacquainted dark.
It shore my life with wisdom and light and gane me strength to
face lif's fight. Where had I lost the words of my mind I missed
a word and could not find. Words that came from the bottom
my heart.
And always remained after my depart Music now comes from
the middle of a croud,
And walked into a world farther of than a mile.
A world full of life and love alike. And colours that appeared
brighter than the brigh.
Now I see a mirrage a colourful gleam ever so real but with the
area of a dream


# LOST RhYthM



**HASHMINA HABEEB**

# മൗനം

കരിയിലക്കാറ്റിന്റെ കരൾതുടിപ്പിലൂടെ
വിഷാദ മുഖിയുടെ ശ്വാസത്തിൽ-
ഗദ്ഗദം മൂളി, നേർത്തരാഗ-
ത്തിൽ തണലായ്, താളമായ്
സാന്ത്വനത്തിൻ സ്പർശമേറി
നീലിമയിൽ നൃത്തം ചെയ്ത്
പൊങ്ങിത്താണ് മനസ്സിലെ
ഓർമ്മകളെ തലോടി, ചുംബിച്ച്
വിടർന്ന കണ്ണിൽനിന്നും
കിളിവാതിലിലൂടെ...
ജീവന്റെ...
നാദമായ്...
അകലെ... അകലെ...



ദിവ്യ.എം.കെ.



# My LOVELY *Flower*

RASMINA RAFEEK

Oh!
Flower you are so beautiful
You are so warmly
You are so affectionate...
and... so... cool.. you are!

You give a lot of promises
and a lot expectations
which makes me live,
And makes the world alive !

You gave me happiness unasked
You gave me love unconditional
... But alas...!
You fade away untold.

My lovely flower !
Why does you do this to me???
I didn't ask you for
Neither love nor happiness
Which is indeed a pleasure
That I always treasure

...but you went away
Without bidding adieu...
That's more painful for the heart
And unbearable for the soul.
You shouldn't have bloomed
And enlightened me with your blossoms
You shouldn't have given a will to live

It wouldn't have hurt me so bad
If I were isolated in a marooned island
But it deeply injured me
When you are separated
And I am deserted

My love ! you are inevitable
And your presence indispensable
for me...
... And for the nature
for the harmony
for the peace
..... don't break me into pieces!!!



# നമ്മൾ പറയാത്തത്....

സൗഹൃദത്തിന്റെ നിറം
നീലയാണെന്ന് ഞാൻ പറയും
കാരണം
തെളിഞ്ഞ ആകാശത്തിനും
ശാന്തമായ കടലിനും
നിറം നീലയാണ്.

പ്രേമത്തേക്കാൾ മധുരം
സൗഹൃദത്തിനാണെന്ന് ഞാൻ പറയും
കാരണം
വെയിലിന്റെ ചൂടിനേക്കാൾ
എനിക്കിഷ്ടം
നിലാവിന്റെ കുളിർമയാണ്.

എന്നേക്കാൾ നല്ലത്
നീയാണെന്ന് ഞാൻ പറയും
കാരണം
നീയെന്റെ സുഹൃത്താണ്.

**ബിനു**

# നേരിന്റെ കണക്കെടുപ്പ്

ചിതറിയ തലയോട്ടികൾക്കുള്ളിലെ
ചിരിയുണങ്ങാത്ത വിള്ളലുകൾ
ഗുണനക്രിയകൾക്കൊടുവിൽ
തിരിച്ചറിയപ്പെടുന്ന അസ്ഥിത്വങ്ങൾ.
ഒടുവിൽ നഷ്ടപരിഹാരങ്ങളുടെ പട്ടികയിൽപെടുത്തി
കാലം കണക്കെടുക്കുമ്പോൾ
കിനിഞ്ഞിറങ്ങുന്ന ചോരത്തുള്ളികളിൽ
നരച്ച വെളുപ്പ്.
ആദിയുടെ വചനങ്ങളിൽ സംഭവിക്കാനിരിക്കുന്നതിന്റെ മുന്നറിയിപ്പ്.
സന്ധ്യയുടെ ആകാശങ്ങൾ ക്കുമീതെ
കണ്ണുനീരിന്റെ മഴപെയ്യുന്നു.
നക്ഷത്രങ്ങളുടെ ഹൃദയത്തിനുള്ളിൽ
ചുവന്ന പൊട്ടുകൾ രൂപം കൊള്ളുന്നത്
കാലത്തിന്റെ വെളിപാടുകളായാണ്.
ദ്രുതം- ശാന്തം പിന്നെ
നേരിന്റെ കണക്കെടുപ്പ്.
ചിതയുടെ മന്ത്രായനങ്ങൾക്ക് ഉപ്പ് പരലുകളുടെ പുനർജീവനം.
കീഴടങ്ങാത്ത ഹൃദയങ്ങളിൽ
വിള്ളലുകളുടെ വേലിയേറ്റങ്ങൾ.
ജനാധിപത്യത്തിന്റെ രൂക്ഷമുഖങ്ങൾ.
ശേഷം- വേലിക്കെട്ടുകൾക്കുള്ളിലെ ഇത്തിരി തുരുത്തുകൾ.
പത്ര സമ്മേളനങ്ങളുടെ വെള്ളി വെളിച്ചത്തിൽ
മുനയൊടിഞ്ഞു തീരുന്ന
കമ്പോള വിലയുടെ കണക്കിൽ പെടാത്ത
സത്യത്തിന്റെ കലങ്ങിയ കണ്ണുകൾ.

**നീതു. ടി. കെ.**



# നേർക്കാഴ്ചകൾ

തത്വശാസ്ത്രങ്ങളെ ഉണരാൻ അനുവദിക്കാതെ
യാന്ത്രികത മസ്തിഷ്കത്തിൽ
കാളിയ നൃത്തമാടുന്നു.
സിരാപടലങ്ങളിൽ രക്തധമനികളിൽ
എവിടെയും ചിതൽ പ്രാണികൾ
മനുഷ്യത്വം പുതിയ നിർവചനം തേടുന്നു.
പെൺഭ്രൂണഹത്യകൾ പെരുകുമ്പോൾ
മറ്റൊരു കർണ്ണൻ അമ്മത്തൊട്ടിലേക്ക്
സന്താന ഭാഗ്യത്തിനായ് തപസ്സ് ചെയ്ത്
ടെസ്റ്റ്യൂബ് ശിശുക്കൾക്ക് ജന്മമേകുന്നു.
പുളിക്കാത്ത മുന്തിരി തനിക്കിഷ്ടമല്ലെന്ന
കുറുക്കന്റെ പുതിയ പരിഭവം
മുയൽ ഉത്തേജനം കഴിച്ചെന്ന
ആമയുടെ പരാതി
എല്ലാമൊരു കൺകെട്ട് വിദ്യപോലെ
രാജാവിപ്പോഴും നഗ്നനാണ്,
എങ്കിലും പാതയോരത്തിരുന്ന്
കുഞ്ഞ് വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു
"രാജാവിന്റെ ഉടുതുണിക്കെന്ത് ഭംഗി"
ഇവിടെയെല്ലാം നേർകാഴ്ചകളാവുന്നു.


ഹർഷിദ




# പ്രണയം

ഷഫ്ന ജാസ്മിൻ

മൗനത്തിന്റെ
മുള്ളുകൾ...
അതെന്നെ വല്ലാതെ
മുറിപ്പെടുത്തുന്നു...
നിശ്ശബ്ദതയുടെ
ക്രൂരത...
അതെന്നിൽ അഗാധ
ഭീതിയുണർത്തുന്നു...
നോട്ടത്തിന്റെ
നിശ്ചലത...
അതെന്റെ രക്തത്തെ
മരവിപ്പിക്കുന്നു...വക്കുടഞ്ഞ
വാക്കുകൾ,
ചില്ലുപൊട്ടിയ
വികാരങ്ങൾ...
എല്ലാം... എല്ലം...
ഒരു പൊടിഞ്ഞുപോയ
പ്രണയത്തെ
ഓർമ്മിപ്പിക്കുന്നു...


രാത്രി..
മരണം...
പ്രണയം...
ഇനിയുമോർക്കുവാനെന്തുള്ളൂ ഹാ സഖീ...
മണലിൽ ഞാനെൻ മുരടൻ വിരലുകൊണ്ടെഴുതി
വായിച്ച നിന്റെ നാമാക്ഷരം
കടലെടുത്തതും കണ്ണീരണിഞ്ഞതും...
പ്രണയം



നിന്റെ ഓരോ തുള്ളിയിലും ഞാനുണ്ട്
എന്റെ ഓരോ തരിയിലും നീ
നീ ഒരു മുളങ്കാടാണ്
നിന്നിലൂടെ ഞാൻ വീശുമ്പോൾ
നിന്റെ ഓരോ തുളയിൽ നിന്നും
ചൗരസ്യയുടെ സംഗീതം പ്രവഹിക്കുന്നു
നീ ഒരു വർണ്ണത്തട്ടാണ്
എന്റെ ഉന്മത്തമായ വിരലുകൾ
നിന്നെ പോൾക്ലേയുടെ
ഒരു ചിത്രം പോലെ
ക്യാൻവാസിൽ നിറയ്ക്കുന്നു.
എന്റെ എല്ലാം ലോകങ്ങളിലും
നിന്റെ ചിലങ്കയുടെ കിലുക്കം
എന്റെ എല്ലാ കാലങ്ങളിലും
നിന്റെ ചിറകടിയുടെ മുഴക്കം

- സച്ചിദാനന്ദൻ



ഇരുളിൽ വിരിഞ്ഞത്
നിമിഷങ്ങൾക്കിടയിലെ
ഏതുമാത്രയിലാണെന്ന്
നിനക്കറിയുമെങ്കിൽ
പൂവിന്റെ ഗന്ധം
ഇരുളുകൾക്കിടയിലെ
ഏതു തുടുപ്പിൽ നിന്നാണെന്ന്
നിനയ്ക്കറിയുമെങ്കിൽ
അവിടെ നിന്നാണ്
എനിക്ക് നിന്നോടുള്ള
പ്രണയം മിടിക്കുന്നത്

***ആന്റോണിയോ ഗ്രാംഷി***

ചാലിൽക്കഴുത്തോളം
വെള്ളത്തിൽ നിൽക്കുന്ന
ചേലുറ്റ വെള്ളാമ്പൽ
കൊണ്ടു നൽകാൻ
വൻചെളിയെത്ര ചവിട്ടി ഞാൻ തീരത്ത്
പുഞ്ചിരിയൊന്നു വിരിഞ്ഞുകാണ്മാൻ
എൻ തോഴി ചൊല്ലുകളിൽ ചന്ദ്രനെ കൂടിയും
തണ്ടോടറുത്തു ഞാൻ കൊണ്ടുചെല്ലും.

***വൈലോപ്പിള്ളി***

അപാരമായ ജലരാശിയിലും
പ്രണയത്തിന്റെ ദാഹം ശാന്തമാകുന്നില്ല
അതിഭീകരമായ വെള്ളപ്പൊക്കത്തിനും
പ്രണയത്തെ മുക്കിത്താഴ്ത്താനാകുന്നില്ല.

***സോളമൻ***



അവനെ കാണുന്നതിനും മുമ്പു
ശിശിരം വന്നു കാണും
വെയിൽ പരന്നു കാണും
ഇലകൾ കാറ്റത്ത് ഇളകിയാടിയിട്ടുണ്ടാവും
പുൽക്കൊടികൾ സാവധാനം
തുള്ളിത്തുള്ളിക്കാണും
പ്രാവുകൾ സന്തോഷത്തോടെ പറന്നിട്ടുണ്ടാകും
ചുവന്ന മണ്ണും നീലാകാശവും
ഒക്കെ മുമ്പും ഉണ്ടായിരിന്നിരിക്കും
പക്ഷേ സത്യം പറയട്ടെ-
ഞാൻ കണ്ടിട്ടില്ല

***അജീത് കൗർ***



നേരുകഥിക്കണമങ്ങു വിളിക്കെയെൻ
പേരു മധുരമായ് തീരുന്നതെങ്ങനെ
നേരുകഥിക്കണമങ്ങുതൊടുമ്പോൾ ഞാൻ
താരു പോലെ മൃദുവാകുന്നതെങ്ങനെ?
പാരിന്റെ മാദകസൗഖ്യങ്ങളൊക്കെയി
ച്ചോരിവായിങ്കലൊതുങ്ങിയതെങ്ങനെ?


***ജി.***

വ്രണിത ഹൃദയത്തിന്റെ
ദുർബല തന്തുവിൽ
പ്രണയസുധ പൂശുമെൻ
പുണ്യത്തിടമ്പിനെ
അരുതരുത് വിസ്മരിച്ചിടുവാൻ,
ജീവിതമതിരുചിരമാക്കുന്നതൊന്നി സ്മരണ താൻ

***ഇടപ്പള്ളി***

ഒന്നുമെനിക്കുവേണ്ടാ, മൃദുചിത്തത്തി
ലെന്നെ ക്കുറിച്ചുള്ളൊ രോർമ്മമാത്രം മതി

*ചങ്ങമ്പുഴ*



പ്രണയം

അമൂർത്തമാണ്...


അപൂർണ്ണവുമാണ്...

അവളന്നാദ്യമായ്
മരച്ചുവട്ടിൽ വെച്ചെന്നോടു
പുഞ്ചിരിച്ചു
പിന്നെ,
കാൾ റജിസ്റ്ററിലൊരു
മിസ്ഡ് കോൾ.........
ശേഷം,
റിസീവ്ഡ് കാൾസിന്റെ
നീണ്ട നിരകൾ
പിന്നെ
ചെറുതും വലുതുമായ
സംഗമങ്ങൾ

ഉറക്കൊഴിഞ്ഞ രാത്രികളും
ഉറങ്ങിത്തീർത്ത പകലുകളും
ശേഷം,
ഇൻ ബോക്സിലെ
അർത്ഥമറിയാത്ത
ചില അക്ഷരങ്ങൾ
മാത്രമായ്
ആ പുഞ്ചിരി.
അവസാനം,
ഇന്നലെ കാണുമ്പോൾ
ഒരു മന്ദഹാസവുമായി
അവളകന്നു പോയി.........



**I am just third - world country actor**
**ഞാൻ വെറുമൊരു മൂന്നാം ലോകത്തെണ്ടി**
**Just a narrow, narrow ‘Street’**
**വളഞ്ഞിടുങ്ങിയ വെറുമൊരു തെരുവ്**
**ഒരു മൂന്നാം ലോകത്തെരുവ്....!**



# രണ്ടുകവിതകൾ

## ഒരു വീണ്ടു വിചാരം

കരളിൻ-
കവിതകൾ, കുറിക്കാമൊരു
കടലാസിൽ
കനവിൻ-
ചിത്രങ്ങൾ ചുവരുകളിൽ
കോറിയിടാം
മനസ്സിൻ-
ഗദ്ഗദങ്ങളെന്നുമെന്നെ
കുരുതിക്കുഴിഞ്ഞു.

## ഉയിർത്തെഴുന്നേൽപ്പ്

തിരികെവരും ഞാൻ-
തിരികെ, തീയ്യിൽ കുരുത്തൊരാരെൻ
ജന്മം.

**ദിനേശ് വെള്ളാട്ട്**

# സങ്കൽപ്പമേ... നിനക്ക്

കടം കൊണ്ടവാക്കും
കടം കൊണ്ട നോക്കും
തിരിച്ചു ഞാനെങ്ങനെ
നൽകും സഖീ
മധുരമീയോർമ്മതൻ
പനിനീർദളങ്ങളിൽ
പാറിപറക്കുന്ന
ശലഭമല്ലോ നീ
മറക്കുകയെങ്ങനെ
സങ്കൽപ്പമേ നീ
യെനിക്കെത്ര കവിതയ്ക്കു
ഭാഷയായി.
മൊഴികളില്ലാനിന്ന
ഗാധതവർണ്ണിക്കാൻ
മൊഴികളില്ലല്ലോ നിൻ
ശോഭ തീർക്കാൻ
രാവുകളില്ല നിൻ
കഥകൾ പറയുവാൻ
അത്രമേലാണു നീ
യെന്നുമെന്നുള്ളിൽ
വിരഹക്കൊടും ചൂടു
തീരങ്ങളിൽ
പൊഴിയുന്ന വേനൽ
മഴയല്ലയോ നീ
വിളർത്ത മനസ്സിൻ
വഴിയരികിൽ
കുളിർത്ത നിലാവായ്
നീ വന്നു
നീയോതിയാദ്യം

നിലാവിന്നു പ്രണയം
നീയോതിയാദ്യം
വേഴാമ്പലിന് വിരഹം
നീയോതിയാദ്യം
നിനവിന്ന് ചിറക്
നീയോതി മഴവില്ലി
നേഴു നിറം
പുലരിക്ക് പട്ടാട
യായിരമെന്ന്
മഞ്ഞിനു മിഴിനീ
രിന്നെന്തിനെന്ന്
പൂവാക പൂക്കുന്ന
തെന്തിന്
പൂവിന്ന് പുഞ്ചിരി
യെന്തിനെന്ന്
കാറ്റ്കുളിർകോരു
ന്നതെന്തിനെന്ന്
പുഴയ്ക്ക് ചിലങ്കക
ളെന്തിനെന്ന്
ഒടുവിലീഹൃത്തിലെ
സ്നേഹമാർക്കെന്ന്
സങ്കൽപ്പമേ നീ
സഞ്ചാരിയെങ്കിലും
സ്വർഗ്ഗങ്ങൾ തീർക്കുന്നു
തീരങ്ങളിൽ
ഒരു വാക്ക് കൂടി
കടം തരുമോയെൻ
സങ്കൽപ്പമേ ഒരു
കവിതയ്ക്കു കൂടി...

**ജീനു കാർത്തികേയൻ**



ശബ്ദത്തിൻ പ്രവാഹത്തിൽ
താളത്തിൻ മധുരിമയിൽ
ഒരു കുയിൽ നാദ ശ്രുതിയായ്
എന്റെ മനസിൽ നിറയവെ
ഒരു പിടി സ്വപ്നങ്ങൾ തന്നു നീ
ആത്മാവിൽ സൂക്ഷിപ്പാൻ.
സ്വപ്നമാം കടൽക്കരയിൽ ഞാനൊരു
മണിമന്ദിരം തീർക്കവെ
ദു:ഖത്തിൻ ഇരുട്ടറയിൽ
മോഹങ്ങൾക്കെന്ത് പ്രസക്തി!
പാടി മറഞ്ഞ പക്ഷികളെയും തേടി
ഞാൻ അലയുമ്പോൾ
സന്തോഷത്തിൻ വെളിച്ചം വീശി
എന്റെ സ്വപ്നത്തിൻ വിരുന്നുകാരനായ്
കാലാന്തരങ്ങളിൽ സ്വപ്നങ്ങളെല്ലാം
അണയാത്ത ദീപമായ് തെളിയട്ടെ.

# സ്വപ്നങ്ങൾ

രമ്യ. കെ.ടി.


# THE BROKEN MIRROR

Yesterday morning also
The mirror told me the truth.
I felt nothing uncommon
For, it is an eternal truth teller.
The sun vanished and the moon smiled
With a fraud, hiding in her breast
I stood for a while
Without due care of the dew
That kissed my beloved mirror.

The night came, and I saw
It was not ready to say
The Natural and normal way
Of telling the finest truth
The afternoon, it happened
The pettiest thing in the world !
The mirror had broken down
"May the God, Forgive it
And bless its eternal Sprint"

I make a childish cry-
Picked up the broken pieces
But they laughed at me
And uttered the biggest lie
Now. I the bereaved lover
Came into the normal sense
"There is not such a liar
Greater than the broken mirror"

**RAHMATHULLA.M.P**




# തോന്നലുകൾ

ദൂരത്താരോ തീർത്ത
ആത്മഹത്യാക്കുരുക്കിലേക്ക്
എന്റെ തലയും വെയ്ക്കാൻ തോന്നുന്നു.
മുരണ്ട് വരുന്ന തീവണ്ടിയുടെ
വലിയ ചക്രങ്ങളിൽ
തലവയ്ക്കുവാൻ തോന്നുന്നു.
കത്തിയാളുന്ന തീയിൽ
എരിഞ്ഞുചേരാൻ തോന്നുന്നു.
ഏതോ കീടനാശിനിയുടെ പുളിപ്പ്
സിരകളിലേറ്റുവാങ്ങാൻ തോന്നുന്നു.
പുതിയ ബ്ലേഡിന്റെ മൂർച്ചയുള്ള ഓരങ്ങളിൽ
ഞരമ്പ് മുറിഞ്ഞ്, പിന്നെ
ചോരയൊലിപ്പിച്ച് മയങ്ങാൻ തോന്നുന്നു.
ഏതോ ഉറക്കഗുളികയുടെ ഉൻമാദത്തിൽ
ഒരിക്കലുമുണരാതുറങ്ങുവാൻ തോന്നുന്നു.
ഉടമകളെ കാത്ത് കിടക്കുന്ന
കുറേ ജോഡി ചെരുപ്പുകൾ
എന്നോട് പറഞ്ഞു:
എന്റെ ചെരുപ്പുകൾ
അവിടെ ഉപേക്ഷിക്കാൻ.
അല്ലെങ്കിൽതന്നെ
നിലയില്ലാത്തവെള്ളത്തിൽ
ഭാരമില്ലാതെ മുങ്ങിത്താഴുമ്പോൾ
ചെരുപ്പുകളെന്തിനാണ്?

**സന്ധ്യ. എം.**

# UNCLE



"Colosser" they call him.
With his grave face-
Blood- Short eyes
Steel- like hands
And terrific looks,
He resembles

He drinks wine
In Golden goblets.
His ways are strange
But 'CLEAR' and 'CLEAN!'
He causes... excuses...
Far all ruthless deads.
And we fear his whips!

He with him,
Two ferocious dogs,
To pounce on anyone pointed.
Generous, he is ! the provider of,
Our food and our misery,
Our cloths and our slavery
We applaud him in a mob,
We clap hands when he speaks
(For, we fear his whips)

Opening the half- door,
That night he came in
Removed his gloves,
To wash his hands.
And, looking into the water,
Turning into 'Red' in colour
Broke my silence
And called aloud, you, Bloomy...

Not a change in his face,
He opened his holster,
Took his gun,
And shot me dead.
For calling him,
"You Blooming 'Uncle Sam'

**KABEER ALI .P**



# വാക്കുകൾ

നിനക്ക്,
ഞാനൊരു
നിലാവിന്റെ
ചിറക് തരുന്നു.
അവിടെ
നീയെന്റെ
ഇടറിയ പാദങ്ങൾ കാണും
മുറിവേറ്റ ചിറകിലെ
ചോരപ്പാടുകൾ കാണും
വളഞ്ഞ തെരുവിൽ

കൂട്ടം തെറ്റിയ നിന്റെ
കണ്ണും, അതിലെ ആകാശവും
എന്റെ വിയർപ്പൊട്ടിയ
നിന്റെ വിരലും
എല്ലാം
ഇന്ന് ഞാൻ മറന്നു വെക്കുന്നു.
വരുന്ന മഴക്കാലത്ത്
കൂറ്റനൊരു ഇടിവെട്ടുമ്പോൾ
തണുപ്പുണക്കാൻ
ഞാനിനിയെവിടെ തീക്കൂട്ടും...?

അഷ്റഫലി. കെ.



# വനചീവികൾ

ബി.പി. എല്ലിനെ
ഹച്ച് വിഴുങ്ങിയപ്പോൾ
തൊണ്ടയിൽ കുരുങ്ങിയത്
ഫ്രീകോളുകളായിരുന്നു.
അങ്ങനെ ഞാനും നീയും
പ്രണയം ഛർദ്ദിച്ചു.
ഓർക്കൂട്ടിനെ പെറ്റിട്ട്
ഗൂഗ്ഗിൾ ഒരുപാട് കരഞ്ഞു.
പിന്നെ
നിന്റെ സ്ക്രാപ്പും
എന്റെ സ്ക്രാപ്പും
ശാദി ഡോട്ട് കോമിലേക്ക്
വഴി മാറിയപ്പോൾ
പക്ഷെ, നമ്മൾ
കരയാൻ മറന്നുപോയി.

അരുൺരാജ്